*"ഭരണഭാഷ-മാതൃഭാഷ"*

# ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – കാണക്കാരി ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ കെട്ടിടനിർമ്മാണം- ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. കാണക്കാരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17/12/2020-ലെ എ 2/1528/2020 നമ്പർ കത്ത്
2. കാണക്കാരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21/01/2021-ലെ എ 2/1528/2020 നമ്പർ കത്ത്
3. 30.1.2021-ലെ അപേക്ഷകരുടെ കത്ത്.

---

ഉത്തരവ് നമ്പർ TCPKTM/68/2020-C തീയതി : **01/02/2021**

---

കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കാണക്കാരി വില്ലേജിൽ, ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വെ നമ്പർ 295/2-ൽപ്പെട്ട 16130 ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിലുള്ള കെട്ടിടങ്ങളോടു കൂടി 800.15 ച.മീ വിസ്തീർണ്ണമുള്ള സ്കൂൾ കെട്ടിടവും, 13.68 ച.മീറ്റർ വിസ്തീർണ്ണമുള്ള ടോയ്‌ലറ്റ് ബ്ലോക്കും, നിർമ്മിക്കുന്നതിന് കെ.പി.ബി.ആർ-2019 ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും , ലഭ്യമാക്കേണ്ട എൻ.ഒ.സി അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച ഉറപ്പ് വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി നൽകുവാൻ പാടുള്ളൂ.

**<u>നിബന്ധനകൾ</u>**

1. കെ.പി.ബി.ആർ-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.
2. കെ.പി.ബി.ആർ-2019 ചട്ടം 5(4) പട്ടികയിൽ ക്രമനമ്പർ 13 പ്രകാരം അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
3. കെ.പി.ബി.ആർ-2019 ചട്ടം 79 പ്രകാരം മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
5. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
6. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി നേടിയിരിക്കണം.
7. ചട്ടം 42 പ്രകാരം ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ

1630

ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.

8. പ്ലോട്ട് റോഡ് ലെവലിൽ നിന്നും ഉയർന്ന് നിൽക്കുന്നതിനാൽ പ്ലോട്ടിലേക്ക് സുഗമമായ വാഹനസഞ്ചാരം ഉറപ്പുവരുത്തേണ്ടതും, നിരനിരയായ പാർക്കിംഗ് ചട്ടം 29 (4) (i)(iii) പാലിച്ചിരിക്കേണ്ടതുമാണ്.
9. പൊളിച്ച് നീക്കം ചെയ്യപ്പെട്ടും എന്ന് രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടങ്ങൾ പൊളിച്ചു നീക്കേണ്ടതാണ്.
10. കെ.പി.ബി.ആർ-2019 അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല. കെ.പി.ബി.ആർ-2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവു.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ. 09/2021/KTM)

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

സെക്രട്ടറി
കാണക്കാരി ഗ്രാമപഞ്ചായത്ത്

പകർപ്പ് :

1. മാനേജർ, സെന്റ് തോമസ് യു.പി സ്കൂൾ, കുറുമുള്ളൂർ (പ്ലാൻ 1 സെറ്റ് സഹിതം)
2. അധികം -1

S/01022021

ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.

8. പ്ലോട്ട് റോഡ് ലെവലിൽ നിന്നും ഉയർന്നു നിൽകുന്നതിനാൽ പ്ലോട്ടിലേക്ക് സുഗമമായ വാഹനസഞ്ചാരം ഉറപ്പുവരുത്തേണ്ടതും, നിരനിരയായ പാർക്കിംഗ് ചട്ടം 29 (4) (i)(iii) പാലിച്ചിരിക്കേണ്ടതുമാണ്.
9. പൊളിച്ച് നീക്കം ചെയ്യപ്പെട്ടും എന്ന് രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടങ്ങൾ പൊളിച്ചു നീക്കേണ്ടതാണ്.
10. കെ.പി.ബി.ആർ–2019 അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല. കെ.പി.ബി.ആർ–2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ. 09/2021/KTM)

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

സെക്രട്ടറി
കാണക്കാരി ഗ്രാമപഞ്ചായത്ത്

പകർപ്പ് :

1. മാനേജർ, സെന്റ് തോമസ് യു.പി സ്കൂൾ, കുറുമുള്ളൂർ (പ്ലാൻ 1 സെറ്റ് സഹിതം)
2. അധികം –1

S/01022021